# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 652

02-12-2014-ൽ മറുപടിക്ക്

**മിഷൻ 676 - കെ.എസ്.ഐ.ഡി.സി. - സ്റ്റാർട്ട് അപ്പ് വില്ലേജ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹീദ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) | കെ.എസ്.ഐ.ഡി.സി സ്റ്റാർട്ട് അപ്പ് വില്ലേജിനു രൂപം നൽകിയിട്ടില്ല. കെ.എസ്.ഐ.ഡി.സി പുതിയ ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വിവിധ സ്ഥലങ്ങളിൽ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സിയുടെ ആദ്യത്തെ ബിസിനസ് ഇൻകുബേറ്റർ കൊച്ചി കിൻഫ്രാ പാർക്കിൽ നവംബർ മാസം 13-ാം തിയതി പ്രവർത്തനം ആരംഭിച്ചു. 60 ഓളം വർക്ക് സ്റ്റേഷനുകൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. ഇതു കൂടാതെ, അങ്കമാലിയിൽ INKEL Complex, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻക്യുബേറ്റർ എന്നീ പുതിയ ഇൻക്യുബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി നടപടി എടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി നൽകുന്നത്. ഇതിനു വേണ്ടി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ സ്ഥലവും സഹായവും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**(സി)** എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

**(സി)** കെ.എസ്.ഐ.ഡി.സിയുടെ കാക്കനാട് തുടങ്ങിയ ഇൻക്യുബേഷൻ സെന്ററിൽ താഴെ പറയുന്ന സൗകര്യങ്ങളാണ് നൽകിയിരിക്കുന്നത്.

1. വർക്ക് സ്റ്റേഷൻ
2. കോൺഫറൻസ് റൂം
3. ഡിസ്കഷൻ റൂം
4. ഇന്റർനെറ്റ് സൗകര്യങ്ങൾ
5. ഇലക്ട്രിസിറ്റി
6. റിസപ്ഷൻ
7. ഫുഡ് കോർട്ട്
8. മെൻഡിറിംഗ് സപ്പോർട്ട്

**(ഡി)** കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

**(ഇ)** പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?

**(ഡി) & (ഇ)** പുതുസംരംഭകരെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിൽ മിതമായ നിരക്കിൽ ഓഫീസ് സ്ഥലവും പ്രവർത്തന സൗകര്യങ്ങളും നൽകുന്നതാണ്. ഇതു കൂടാതെ, ഇൻക്യുബേഷൻ സെന്ററിൽ പുതുസംരംഭകർക്കുവേി മെൻഡറിംഗ് സപ്പോർട്ട് കെ.എസ്.ഐ.ഡി.സി ലഭ്യമാക്കുന്നതാണ്. ഇതോടോപ്പം തന്നെ ഒരു സീഡ് ക്യാപ്പിറ്റൽ ഫണ്ടിംഗിനായി ഒരു പ്രത്യേക പദ്ധതിയും തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ